(സി) ഇതിൽ ചെലവഴിച്ച തുകയുടെ ഏകദേശ വിവരം ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

	97-98	98-99	99-2000
ഗ്രാമ പഞ്ചായത്ത്	40477.94	34080.20	56661.878
ബ്ലോക്ക് പഞ്ചായത്ത്	10229.28	8201.50	13997.95
ജില്ലാ പഞ്ചായത്ത്	11314.37	6555.01	62252.75

പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രമോഷനിലുള്ള അനോമലി പരിഹരിക്കാൻ നടപടി

26(406) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രമോഷനിലുള്ള അനോമലി പരിഹരിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ എന്തെങ്കിലും പ്രൊപ്പോസൽ ഗവൺമെന്റിന് നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിമാർക്കും അതിന്റെ ഹീഡർ കാറ്റഗറിയായ ജൂനിയർ സൂപ്രണ്ടുമാർക്കും ഒരേ ശംബള സ്കെയിലാണ് നൽകിയിട്ടുള്ളത്. ഇതു പരിഹരിക്കുന്നതിനുള്ള നിർദ്ദേശമാണ് പഞ്ചായത്ത് ഡയറക്ടർ നൽകിയിട്ടുള്ളത്.

(സി) ഇക്കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ചു പരിശോധിച്ചു വരുന്നു.

കണ്ടല്ലൂർ പഞ്ചായത്തിൽ സെക്രട്ടറിയെ നിയമിക്കാൻ നടപടി

27(407) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽപ്പെട്ട കണ്ടല്ലൂർ പഞ്ചായത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടെ ചാർജ് മറ്റൊരു ഉദ്യോഗസ്ഥൻ വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം പഞ്ചായത്തിന്റെ പദ്ധതികൾ ഈ വർഷത്തേത് അംഗീകാരത്തിനായി സമർപ്പിക്കാൻ സമയത്ത് കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പഞ്ചായത്തിൽ ഒരു പഞ്ചായത്ത് സെക്രട്ടറിയെ എത്രയും വേഗം നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പഞ്ചായത്ത് ഡയറക്ടറുടെ 3-5-2000-ലെ ഇ8-22/99-ാം നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്.

അതിരുങ്കൽ അഞ്ചുമുക്ക് റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി

28(408) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിലെ അതിരുങ്കൽ-അഞ്ചുമുക്ക് റോഡ് ഗതാഗതയോഗ്യമാക്കാനായി അവസാനമായി ടെണ്ടർ വിളിച്ച് പണി തുടങ്ങിയതാണെന്നും ആർക്കാണ് പണി നടത്താൻ അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ റോഡിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ റോഡിന്റെ ഇന്നത്തെ അവസ്ഥ എന്ത് ;

(ഡി) റോഡിന്റെ പണിക്ക് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിരുന്നോ ; എങ്കിൽ എന്തു തുക വീതം ഏതേത് വർഷങ്ങളിൽ അനുവദിച്ചു എന്നും പ്രസ്തുത തുക വിനിയോഗിക്കുവാൻ സാധിച്ചുവോ എന്നും വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഇ) ഈ റോഡ് ഗതാഗതയോഗ്യമാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(എഫ്) ഈ റോഡ് എത്രയും വേഗം ഗതാഗതയോഗ്യമാക്കാനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പറക്കോട് ബ്ലോക്ക് ഓഫീസിൽ നിന്നും ആർ.എൽ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി 1998-ൽ നിർമ്മാണ വേലകൾ ആരംഭിച്ചിട്ടുള്ളതാണ്. ഇത് ടെണ്ടർ പണിയല്ല. കൺവീനർ മുഖേനയാണ് പണി തുടങ്ങിയത്.

(ബി) ഇല്ല.

(സി) റോഡ് മോശപ്പെട്ട സ്ഥിതിയിലാണ്.

(ഡി) 4 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഏതേത് വർഷങ്ങളിലാണ് തുക അനുവദിച്ചതെന്നും തുകയുടെ വിനിയോഗം സംബന്ധിച്ചും വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly